**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം.**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2939**

**21.06.2013- ലെ മറുപടിക്ക്.**

**കേന്ദ്രാ പദ്ധതികളിലെ ചെലവ്**

| ചോദ്യം<br>ശ്രീ. എ. എ. അസീസ് | ഉത്തരം<br>ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി.) |
|---|---|
| (എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന കേന്ദ്ര പദ്ധതികൾ ഏതൊക്കെയാണ്; | (എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന കേന്ദ്ര പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. മറ്റ് കേന്ദ്ര സഹായ പദ്ധതികൾ<br>2. ഡിമാന്റ് ഡ്രിവൺ പദ്ധതികൾ<br>3. ഫാഗ്ഷിപ്പ്/ ഭാരത് നിർമ്മാൺ പദ്ധതികൾ<br>4. കേന്ദ്രാവിഷ്കൃത പദ്ധതികൾ |
| (ബി) അവ ഓരോന്നിനും 2012-13 സാമ്പത്തിക വർഷത്തിൽ എത്ര ശതമാനം തുകയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) 2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കുന്ന കേന്ദ്ര പദ്ധതികളുടെ ചെലവഴിച്ചതിന്റെ ശതമാനം തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി നൽകുന്നു.<br>1. മറ്റ് കേന്ദ്ര സഹായ പദ്ധതികൾ (അനുബന്ധം I)<br>2. ഡിമാന്റ് ഡ്രിവൺ പദ്ധതികൾ (അനുബന്ധം II)<br>3. ഫ്ളാഗ്ഷിപ്പ്/ ഭാരത് നിർമ്മാൺ പദ്ധതികൾ (അനുബന്ധം III)<br>4. കേന്ദ്രാവിഷ്കൃത പദ്ധതികൾ (അനുബന്ധം IV) |
| (സി) കേന്ദ്ര പദ്ധതികൾ 100 ശതമാനവും ചെലവഴിക്കപ്പെടുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) മാനദണ്ഡങ്ങളിലെ നിബന്ധനകൾ കാരണം കേന്ദ്ര പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ പല തടസ്സങ്ങളും നേരിടുന്നുണ്ട്. ഇത് സംസ്ഥാനത്തിന് അനുയോജ്യമായ വ്യവസ്ഥകളോടെ നടപ്പാക്കുന്നതിനുള്ള അനുവാദം കേന്ദ്ര ഗവൺമെന്റിനോടും, ആസൂത്രണ കമ്മീഷനോടും ആവശ്യപ്പെട്ടിട്ടുണ്ട്. ഓരോ മാസവും ചീഫ് സെക്രട്ടറി അദ്ധ്യക്ഷതയിൽ വകുപ്പ് സെക്രട്ടറിമാരുടെ യോഗം |

ചേർന്ന് പദ്ധതികളുടെ പുരോഗതി അവലോകനം നടത്തിവരുന്നു. വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് കൂടി പദ്ധതി അംഗീകരിക്കുകയും 5 കോടി രൂപയ്ക്ക് മുകളിൽ അടങ്കൽ വരുന്ന പദ്ധതികളുടെ ഭരണാനുമതിയ്ക്കായി 30.06.2013-നകം സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന് സമർപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

പദ്ധതി തുക വിനിയോഗം സംബന്ധിച്ച് ജൂൺ 30-നകം കുറഞ്ഞത് 10% തുകയും 2-ാം പാദവർഷമായ സെപ്തംബർ 30-നകം 30% തുകയും 3-ാം പാദ വർഷമായ ഡിസംബർ 31 നകം 60% തുകയും ശേഷിക്കുന്ന 40% തുക അവസാന പാദ വർഷമായ മാർച്ച് 31-നകവും, മാർച്ച് മാസം മാത്രമായി 10%-വും വിനിയോഗിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

2013-14-ലെ പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുകയും അനുവദിക്കപ്പെട്ട തുക ഫലപ്രദമായി ചെലവഴിക്കുകയും ചെയ്യുന്ന വകുപ്പുകൾക്ക് അവാർഡ് നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

Bijumon

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**